പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 4442

04.02..2014 -ൽ മറുപടിയ്ക്ക്

## എൽ.ബി.എസ്. വിദ്യാഭ്യാസ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ലാൽ ബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന വിദ്യാഭ്യാസ കേന്ദ്രത്തിന് സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെന്നുള്ള വിവരം സ്കൂൾ/ കോളേജ്/മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ പേരു വിവരം ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ; | (എ) ലാൽ ബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന വിദ്യാഭ്യാസ കേന്ദ്രത്തിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരു വിവരം അനുബന്ധം (എ) ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം കോഴ്സുകൾ നടത്തി വരുന്നുയെന്നുള്ള വിവരം ലഭ്യമാക്കുമോ; | (ബി) എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകളും സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റീസ് സ്റ്റഡീസിൽ ഡി-സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമിൽ നാൽപ്പതോളം അംഗീകൃത കോഴ്സുകളും നടത്തിവരുന്നു. എൽ.ബി.എസ്സ്. സെന്ററിലും അതിനു കീഴിൽ പ്രവർത്തിക്കുന്ന ഇതര സെന്ററുകളിലും നടത്തുന്ന കോഴ്സുകളുടെ പട്ടിക അനുബന്ധം (ബി) ആയി ചേർക്കുന്നു. |

| | |
|---|---|
| (സി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടേയും ഇതരജീവനക്കാരുടേയും നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്നറിയിക്കുമോ ; | (സി) എൽ.ബി.എസ്സ്. സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അദ്ധ്യാപക/ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്കും ഇതര തസ്തികകളിലേയ്ക്കും നിയമനം നടത്തുന്നത് സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ്. കോളേജുകളിലേയ്ക്ക് എഴുത്തുപരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമനം നൽകിവരുന്നത്. |
| (ഡി) അദ്ധ്യാപകരുടേയും ഇതര ജീവനക്കാരുടേയും സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; | (ഡി) നിലവിൽ എൽ.ബി.എസ്. സെന്ററിൽ, 8-ാം ശമ്പള പരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ എൽ.ബി.എസ്. സെന്ററിന് നിശ്ചയിക്കപ്പെട്ട ശമ്പള സ്കെയിലുകളാണ് നിലനിൽക്കുന്നത്. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലെ ടീച്ചിംഗ് സ്റ്റാഫിന് എ.ഐ.സി.റ്റി.ഇ. സ്കീം അനുസരിച്ചും, ഇതര ജീവനക്കാർക്ക് സംസ്ഥാന സർക്കാർ അനുശാസിക്കുന്ന സേവന-വേതന വ്യവസ്ഥകളുമാണ് പാലിച്ചുവരുന്നത് . |
| (ഇ) ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി എതെങ്കിലും സെന്ററുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) എങ്കിൽ ആയതു മായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ? | (എഫ്) ബാധകമല്ല. |

Reeft

*സെക്ഷൻ ഓഫീസർ*

L

അനുബന്ധം (എ)

## ലാൽ ബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയ്ക്കു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരു വിവരം

**എഞ്ചിനീയറിംഗ് കോളേജുകൾ (2)**

(1) എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്.
(2) എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, പൂജപ്പുര, തിരുവനന്തപുരം.

**സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റീസ് സ്റ്റഡീസ്, തിരുവനന്തപുരം.**

**എൽ.ബി.എസ്. സെന്ററിന്റെ മേഖലാകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും**

(I) മേഖലാ കേന്ദ്രം - കൊല്ലം
ഉപകേന്ദ്രങ്ങൾ
(1) അടൂർ, (2) കണ്ണനല്ലൂർ (3) അഞ്ചാലുംമൂട് (4) നിലമേൽ

(II) മേഖലാ കേന്ദ്രം - കളമശ്ശേരി
ഉപകേന്ദ്രങ്ങൾ
(5) ചാലക്കുടി, (6) പാമ്പാടി (7) ആലപ്പുഴ (8) കോതമംഗലം
(9) ഏറ്റുമാനൂർ

(III) മേഖലാ കേന്ദ്രം - തൃശൂർ
ഉപകേന്ദ്രങ്ങൾ
(10) പാലക്കാട് (11) ആലത്തൂർ (12) ഗുരുവായൂർ (13) കുന്നംകുളം

(IV) മേഖലാ കേന്ദ്രം - കോഴിക്കോട്
ഉപകേന്ദ്രങ്ങൾ
(14) മഞ്ചേരി (15) നാദാപുരം (16) കണിയാംമ്പറ്റ

(V) മേഖലാ കേന്ദ്രം - കണ്ണൂർ
ഉപകേന്ദ്രങ്ങൾ
(17) കാസർഗോഡ് (18) കാഞ്ഞങ്ങാട് (19) പയ്യന്നൂർ, (20) കൂത്തുപറമ്പ്

ഇത് കൂടാതെ വർക്കല, കരുനാഗപ്പള്ളി, തൊടുപുഴ, വാടാനപ്പള്ളി, വടകര, മാനന്തവാടി, സുൽത്താൻ ബത്തേരി, കൊയിലാണ്ടി, മേലടി. പെരിന്തൽമണ്ണ, താമരശ്ശേരി, തിരൂരങ്ങാടി, തിരൂർ, നിലമ്പൂർ, ചെറുകുന്ന്, തലശ്ശേരി, തളിപ്പറമ്പ, പാനൂർ, ഇരിട്ടി (2), എന്നിവിടങ്ങളിലായി സ്വകാര്യ കമ്പ്യൂട്ടർ സ്ഥാപനങ്ങൾക്കായി 20 ലോക്കൽ സെന്ററുകളും അനുവദിച്ചിട്ടുണ്ട്.

Rajl
സെക്ഷൻ ഓഫീസർ

അനുബന്ധം (ബി)

**എൽ.ബി.എസ്സ്. സെന്ററിലും അതിനു കീഴിൽ പ്രവർത്തിക്കുന്ന ഇതര സെന്ററുകളിലും നടത്തുന്ന കോഴ്സുകൾ**

| Sl.No | Name of Course | Duration | Qualification |
|---|---|---|---|
| 1 | Office Automation and Internet | 70 Hrs | SSLC and above |
| 2 | Linux Open Office & Internet | 80 Hrs | SSLC |
| 3 | Web Designing | 80 Hrs | SSLC |
| 4 | Oracle 9i | 90 Hrs | Degree and knowledge in dBase |
| 5 | MS Office | 90 Hrs | SSLC |
| 6 | Programming Language C++ | 90 Hrs | +2 |
| 7 | Java and Advance Java Programming | 100 Hrs | Degree with knowledge in C Programming |
| 8 | Visual Basic with Oracle | 100 Hrs | Degree with knowledge in Programming |
| 9 | Java Programming | 120 Hrs | Knowledge in C |
| 10 | Programming in C | 120 Hrs | Programming efficiency |
| 11 | UNIX and C | 120 Hrs | Degree |
| 12 | Programming in .NET Technology | 120 Hrs | B.Tech/MCA/PGDCA(passed or studying) |
| 13 | J2EE and Java and Programming | 200 Hrs | B.Tech/MCA/Diploma with knowledge of C++ |
| 14 | Internet and Entertainment Electronics | 1 month | High School Students |
| 15 | Computer Multimedia Internet & Entertainment Electronics | 2months | High School Students |
| 16 | Computerized Financial Accounting using TALLY | 3months | B.Com,BBA,+2(IV th group),DCP,JDC,HDC |
| 17 | DTP | 3months | SSLC |
| 18 | MS Office and Internet | 3months | SSLC |
| 19 | Data Entry & Office Automation | 3months | SSLC |
| 20 | Certificate in Object Oriented Programming | 6months | Degree/Diploma with skill of logic Development |
| 21 | Diploma in Computerized Financial Accounting(DCFA) | 6months | Pre-Degree(IV th Group)/B.Com/DCP |
| 22 | Diploma in Computer Hardware & Network Maintenance | 6months | 3 years Diploma in Electronics/Electrical/Comp.Engg/DCA /PGDCA/OLevel/ITI) in respective traders |
| 23 | DCA(S) | 6months | Degree/3 years Diploma in any branch of Engg. |
| 24 | Diploma in Computer Operation and Maintenance(DCOM) | 1 Year | SSLC |
| 25 | DCA | 1 year | Pre-Degree/+2 or Diploma |
| 26 | Integrated Diploma In Computer Hardware and Network Maintenance | 1 year | SSLC or above |
| 27 | PGDIT | 1 year | Degree |
| 28 | PGDCA(Fast Track) | 1 year | Degree with 60% Marks |
| 29 | PGDCA(Full Time) | 1 year | Degree |
| 30 | PGDCA(Part Time) | 1.S years | Degree |
| 31 | PDSE | 1.S years | 3 year Diploma with SO% Marks |

(signature)

സെക്ഷൻ ഓഫീസർ